ഗവ.യു.പി. സ്കൂൾ
കരയത്തുംചാൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

| | |
|---|---|
| സ്കൂളിന്റെ പേര് | ജി.യു.പി.എസ്. കരയത്തുംചാൽ |
| സ്ഥാപിച്ച വർഷം | 1957 |
| സ്കൂൾ കോഡ് | 13444 |
| വിദ്യാഭ്യാസ ജില്ല | തളിപ്പറമ്പ് |
| ഉപജില്ല | ഇരിക്കൂർ |
| മുൻസിപ്പാലിറ്റി | ശ്രീകണ്ഠാപുരം |
| വില്ലേജ് | നിടിയേങ്ങ |
| താലൂക്ക് | തളിപ്പറമ്പ് |
| ബ്ലോക്ക് | ഇരിക്കൂർ |
| ജില്ല | കണ്ണൂർ |
| ബി ആർ സി | ഇരിക്കൂർ |
| ഹെഡ്മിസ്ട്രസിന്റെ പേര് | ശ്രീജ. പി.വി |
| ഫോൺ നമ്പർ | 6238693780 |
| സ്കൂൾ ഇമെയിൽ ID | gupskarayathumchal@gmail.com |
| അധ്യാപകരുടെ എണ്ണം | 8 |
| അനധ്യാപകരുടെ എണ്ണം | 1 |
| പാചകത്തൊഴിലാളി | 1 |
| കുട്ടികളുടെ എണ്ണം | 5743 |
| വിദ്യാവാഹിനി വാഹനസൗകര്യം | ഉണ്ട് |
| | |
| | |
| | |
| | |

## ആമുഖം

1957ൽ സ്ഥാപിതമായ കരയത്തുംചാൽ ഗവ.യു.പി സ്കൂൾ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ ശ്രീകണ്ഠാപുരം മുൻസിപ്പാലിറ്റിയുടെ വടക്കുകിഴക്കേ അതിർത്തിയിൽ, മലയോരമേഖലയോട് ചേർന്നു കിടക്കുന്ന പ്രദേശമാണ്. വാടകക്കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച സ്കൂൾ 1960ൽ കെ.വി കണ്ണൻ സർക്കാറിന് ദാനമായി നൽകിയ 1 ഏക്കർ സ്ഥലത്ത് ഓലഷെഡ്ഡിൽ എൽ.പി സ്കൂളായി പ്രവർത്തനം ആരംഭിച്ചു. 1964ൽ 4 ക്ലാസ് മുറികളും ഒരു ഹാളും അടങ്ങുന്ന ഷെഡ്ഡും ഒരു ഓഫീസ് മുറിയും ചേർന്ന് നവീകരിച്ച കെട്ടിടത്തിലേക്ക് മാറി. 1990ൽ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടപ്പോൾ പുതിയ നാല് ക്ലാസ് മുറികളോട് കൂടിയ (ഷീറ്റ്) പുതിയ കെട്ടിടം പണികഴിപ്പിക്കുകയുണ്ടായി.

മലയോരമേഖലയായതിനാൽ സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിഭാഗക്കാരും കുടിയേറിപ്പാർത്ത ജനവിഭാഗങ്ങളുമാണ് ഇവിടുത്തെ താമസക്കാർ. വിരലിലെണ്ണാവുന്ന സമ്പന്നരും ബഹു(ഭൂരി)പക്ഷം വരുന്ന സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന സാധാരണക്കാരുമാണ് പ്രദേശവാസികൾ. 3 കിലോമീറ്റർ ചുറ്റളവിൽ മറ്റു സ്കൂളുകൾ ഒന്നും തന്നെയില്ല. വിദ്യാർത്ഥികളിൽ 45% എസ്.ടി വിഭാഗത്തിൽ പെട്ടവരാണ്.

2005 വരെ ഭൗതിക സാഹചര്യങ്ങൾ പരിമിതമായിരുന്നു. എന്നാൽ പുതിയതായി നിർമ്മിച്ച കെട്ടിടങ്ങളും നല്ല രീതിയിൽ പണികഴിപ്പിച്ച പാചകപ്പുരയും മുൻഭാഗം ചുറ്റുമതിലും. പിടിഎ നിർമ്മിച്ച ഗേറ്റും എല്ലാം ചേർന്ന് സ്കൂൾ ഇന്ന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടുകൂടി ആകർഷകമാണ്. എല്ലാ ക്ലാസ് മുറികളും വൈദ്യുതീകരിച്ചതും ഫാൻ സൗകര്യങ്ങളോടുകൂടിയതുമാണ്.

മനോഹരമായ കമ്പ്യൂട്ടർലാബ് ഹൈടെക് പഠനത്തെ മികവുറ്റ
താക്കുന്നു. കുടിവെള്ളത്തിനായി കിണറും മറ്റാവശ്യങ്ങൾക്കായി
കുഴൽകിണറുമുണ്ട്. സയൻസ്‌ലാബ്, ഗണിതലാബ്, മികച്ച ലൈ
ബ്രറി തുടങ്ങിയവ സ്കൂൾ പ്രവർത്തനങ്ങളെ മികവുറ്റതാക്കു
ന്നതിന് സഹായിക്കുന്നു.

കരയത്തുംചാൽ ഗവ. യു. പി സ്കൂൾ സ്മിത അധ്യാപ
കരുടെയും പ്രവർത്തന നിരതരായ എസ്.എം.സി, പി.ടി
എ അംഗങ്ങളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ
പുരോഗതിയുടെ പാതയിലാണ്. അക്കാദമിക് നിലവാരം
കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വൈവിധ്യമാർന്ന
പ്രവർത്തനങ്ങൾ അനുസ്യൂതം നടന്നു വരുന്നു. കരയത്തുംചാൽ
ഗവ. യു. പി സ്കൂൾ കൂട്ടായ്മയിലൂടെ അക്കാദമിക പ്രവർത്ത
നങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും ഉന്നതനിലവാരം
ലക്ഷ്യമാക്കി പ്രവർത്തിച്ചു വരികയാണ്.

## വിദ്യാലയ വിഷൻ

കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഏറ്റവും നല്ല ഭൗതിക സാഹചര്യങ്ങളും സാമൂഹിക പിന്തുണയും ഉറപ്പുവരുത്തി സ്കൂളിലെ അക്കാദമിക നിലവാരം അന്തർദേശീയ തലത്തിലേക്ക് ഉയർത്തുന്നതിനും. എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പു പരീക്ഷകൾ എന്നിവയിൽ മികച്ച വിജയം നേടിയെടുക്കുന്നതിലൂടെ സാമൂഹ്യബന്ധവും വിശ്വാസവും ഊട്ടി ഉറപ്പിക്കാം. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവും മൂല്യബോധമുള്ള ദേശസ്നേഹികളായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിലൂടെ വിദ്യാഭ്യാസം അർത്ഥപൂർണമാകുന്നു. ഇതിനായി വൈവിധ്യമാർന്ന പ്രവർത്തന പാതയിലാണ് കരുവഞ്ചാൽ ഗവ.യു.പി.സ്കൂൾ.

### അക്കാദമികം

മധുരം മലയാളം
ഗണിതം മധുരം
ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം.
കഥാരചന
LSS/USS പരിശീലനം
ക്വിസ് ലോകം
കരാട്ടേ പഠനം
സൈക്കിൾ പരിശീലനം

### ഭൗതികം

ഉദ്യാന നിർമ്മാണം
പച്ചക്കറി തോട്ടം
വിദ്യാവാഹിനി - ഗതാഗതസൗകര്യം

### സാമൂഹികം

പൂർവ്വവിദ്യാർത്ഥി സംഗമം
ദിനാചരണങ്ങൾ
ഗൃഹസന്ദർശനം.

# ജി.യു.പി.എസ്. കരയത്തുംചാൽ 2025-26

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം. |
|---|---|---|---|---|
| 1. | ഇംഗ്ലീഷ് ഇൻറിച്ച്-മെന്റ് പ്രോഗ്രാം. | ജൂലായ് - ഫെബ്രുവരി | SRG, SMC | SMC |
| 2 | ഗണിതം മധുരം | എൽ.പി. വിഭാഗം<br>രാവിലെ 9.15 to 10 am<br>ജൂൺ - ജനുവരി | SRG | SRC |
| 3 | മധുരം മലയാളം | ജൂൺ - ജനുവരി<br>ഉച്ചക്ക് 1.30pm to 1.45 pm. | SRG | SRG |
| 4. | കഥരചന | LP വിഭാഗം<br>ആഗസ്റ്റ് - ജനുവരി<br>രാവിലെ 9.15 am to 10 am | SRG | SMC |

| | | | | |
|---|---|---|---|---|
| 5 | ക്വിസ് ലോകം | ജൂൺ - ഫെബ്രുവരി | SRG | SMC |
| 6 | ഗൃഹസന്ദർശനം | ഓഗസ്റ്റ് — മാർച്ച്<br>ഒഴിവ് ദിവസങ്ങളിൽ | SRG<br>SMC<br>MPTA | SMC |
| 7 | കരാട്ടേ പഠനം | ജൂൺ - മാർച്ച്<br>ആഴ്ചയിൽ ഒരു ദിവസം | പൂർവ്വവിദ്യാർത്ഥി<br>സംഘടന | പൂർവ്വവിദ്യാർത്ഥി<br>സംഘടന |
| 8 | സൈക്കിൾ പരിശീലനം | സെപ്തംബർ - ഫെബ്രുവരി<br>ആരോഗ്യകായിക പിരീഡുകളിൽ<br>അവധി ദിവസങ്ങളിലും | പൂർവ്വവിദ്യാർത്ഥി<br>സംഘടന<br>SMC, MPTA | പൂർവ്വവിദ്യാർത്ഥി<br>സംഘടന |
| 9 | പൂർവ്വവിദ്യാർത്ഥിസംഘടന | മെയ് - മാർച്ച് | SMC, SRG | SMC |

| | | | | |
|---|---|---|---|---|
| 10 | ദിനാചരണങ്ങൾ | പ്രധാനപ്പെട്ട ദിനാചരണങ്ങൾ പ്രവൃത്തി സമയത്തിന് ശേഷം (ക്ലബ്) | SRG<br>SMC | SMC |
| 11 | ഉദ്യാനനിർമ്മാണം | ജൂലൈ - മാർച്ച്<br>ഒഴിവ് സമയങ്ങളിൽ രക്ഷിതാക്കളുടെ സഹായത്തോടുകൂടി | SRG<br>SMC | SMC |
| 12 | പച്ചക്കറിത്തോട്ടം | ജൂൺ - മാർച്ച്<br>ഒഴിവ് സമയങ്ങളിൽ രക്ഷിതാക്കളുടെ സഹകരണത്തോടുകൂടി | SRG<br>SMC<br>MPTA | SMC |
| 13 | LSS/USS പരിശീലനം | Pretest - ജൂൺ<br>കുട്ടികളെ തെരഞ്ഞെടുക്കൽ<br>ജൂലായ് - ജനുവരി - പരിശീലനം<br>Model examination | SRG<br>SMC | SRG |
| 14. | 'വിദ്യാവാഹിനി' സംവാദങ്ങളും | ജൂൺ - മാർച്ച് | SRG<br>വിദ്യാവാഹിനി കമ്മിറ്റി | പഠിതാക്കൾക്ക് വികസനവകുപ്പ് |
| 15. | ചുററുമതിൽ നിർമ്മാണം | " | | |

# 2025-26 അധ്യയന വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ് ഇൻറിച്ച്മെന്റ് പ്രോഗ്രാം.
2. ഗണിതം മധുരം.
3. മധുരം മലയാളം
4. കഥാരചന (മികവ്)
5. എൽ.എസ്.എസ്/ യു.എസ്.എസ് പരിശീലനം
6. ക്വിസ് ലോകം
7. കരാട്ടേ പഠനം
8. സൈക്കിൾ പരിശീലനം.

## 1. ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം

ആമുഖം

ലോകം ഉള്ളം കൈയിൽ ഒതുക്കാവുന്നതാണ്, വിശാലമായ ലോകത്തിലെ ഒരാൾ എന്നനിലയിൽ ലോകത്തെ അറിയുവാനും അനുഭവിക്കാനും സംഭാവന ചെയ്യുവാനും ലോക ഭാഷയായ ഇംഗ്ലീഷ് കൂടിയേ തീരൂ. ഇംഗ്ലീഷിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ പ്രാധാന്യത്തോടെ പാഠ്യപദ്ധതിയിൽ ഒന്നാം ക്ലാസ്സുമുതൽ ഇംഗ്ലീഷ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവസരങ്ങൾ കുറവായതിനാൽ ഇംഗ്ലീഷിന് കൂടുതൽ പരിഗണന ആവശ്യമാണ്. കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ച് കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഈ പ്രോഗ്രാം ലക്ഷ്യമാക്കുന്നത്.

ഉദ്ദേശ്യം:

ഇംഗ്ലീഷ് ഭാഷ തെറ്റുകൂടാതെ എഴുതുവാനും സംസാരിക്കുവാനും പ്രാപ്തരാക്കുക.

| പ്രവർത്തനം | കാലയളവ് | ചുമതല | ധനാഗമം |
|---|---|---|---|
| ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാമിന് മൊഡ്യൂൾ തയ്യാറാക്കൽ | മെയ് | SRG | SMC |
| [illegible] മീറ്റിംഗ് | മെയ് | SRG | SRG |
| നിർവഹണം (മൊഡ്യൂൾ) | ജൂലൈ - ഫെബ്രുവരി | SRG | SMC |
| വിദഗ്ധരുടെ ക്ലാസ് | ഒക്ടോബർ | SRG | SMC |
| അവതരണം (ആക്ടിവിറ്റി കുട്ടികൾ) | ജനുവരി | SRG | SMC |
| വിലയിരുത്തൽ | ഫെബ്രുവരി | HM, SRG | SMC |

## 2.3 ഗണിതം മധുരം : മധുരം മലയാളം

ആമുഖം. ഭാഷാ ഗണിതവിഷയങ്ങളിൽ പ്രാവീണ്യം നേടിയാൽ മാത്രമേ പഠനപ്രവർത്തനങ്ങൾ സുഗമമായി ക്ലാസിൽ വിനിമയം ചെയ്യാൻ സാധിക്കൂ. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉതകുന്ന ശേഷികൾ നേടിയെടുക്കാൻ ഒരേ സമയം വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മുഖ്യധാരയിൽ എത്തിക്കാനായി ഒരുക്കുന്ന വിവിധ പഠനപ്രവർത്തനങ്ങളുടെ ശൃംഖലയാണ് ഗണിതം മധുരം, മധുരം മലയാളം.

ഉദ്ദേശ്യം

* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
* പഠനം രസകരമാക്കി ഭിന്നശേഷിക്കാരെ ഉയർത്തിക്കൊണ്ടുവരൽ
* പ്രാഥമിക കാര്യങ്ങൾ ഉറപ്പിക്കൽ.

| പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ഗണിതം മധുരം മധുരം മലയാളം മൊഡ്യൂൾ തയ്യാറാക്കൽ | മെയ് | SRG | |
| പ്രിടെസ്റ്റ് ചോദ്യാവലി തയ്യാറാക്കൽ | മെയ് | SRG | |
| പ്രിടെസ്റ്റ് | ജൂൺ | | |
| വിദ്യാലയാടിസ്ഥാനത്തിൽ അവതരണം | ജൂൺ - ജനുവരി | SRG. | |
| പഠന പ്രവർത്തനങ്ങൾ | ജൂലൈ | ചുമതലയുള്ള അധ്യാപിക | |
| പഠന പ്രവർത്തനങ്ങൾ | ആഗസ്റ്റ് | " | |
| ഇടക്കാല വിലയിരുത്തൽ | സെപ്തംബർ | SRG | |
| പഠന പ്രവർത്തനങ്ങൾ | ഒക്ടോബർ | " | |
| പഠന പ്രവർത്തനങ്ങൾ | നവംബർ | " | |
| പഠന പ്രവർത്തനങ്ങൾ | ഡിസംബർ | " | |
| ഇടക്കാല വിലയിരുത്തൽ | ജനുവരി | SRG | |
| (പോസ്റ്റ് ടെസ്റ്റ്) | ജനുവരി | " | |
| പ്രഖ്യാപനം | ജനുവരി | SRG, SMC | |

## 4. കഥാരചന. പരിശീലനം

ആമുഖം:

കുട്ടികളിൽ സർഗാത്മകമായ വികസനത്തിന് സാധ്യമാകുന്ന കഴിവാണ് കഥാരചന. ഈ പ്രവർത്തനത്തിലൂടെ കുട്ടികളുടെ വായന, താൽപര്യവും ചിന്താശേഷിയും മാനസിക വികാസവും കുട്ടികളിൽ വളർത്താൻ സഹായിക്കുന്ന

ഉദ്ദേശ്യം : * കഥാരചനയിൽ പ്രാവീണ്യം നേടുന്നു.
* കഥാരചന കുട്ടികളെ സാഹിത്യലോകത്തേക്ക് ഉയർത്തുന്നു.

| പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| കഥാരചന പരിശീലനം മൊഡ്യൂൾ തയ്യാറാക്കൽ. | ജൂലൈ | SRG | |
| എസ് എം സി യോഗം | ജൂലൈ | SRG | |
| മൊഡ്യൂൾ അവതരണം | ആഗസ്റ്റ് | ചുമതല ക്ലാസ്ടീച്ചർ | |
| പ്രവർത്തനം, | സെപ്തംബർ | ″ | |
| പ്രവർത്തനം | ഒക്ടോബർ | ″ | |
| വിദഗ്ധരുടെ ക്ലാസ്സ് | രണ്ട് തവണ നവംബർ, ജനുവരി | SRG | |
| പ്രവർത്തനം | നവംബർ | ചുമതലയുള്ള ടീച്ചർ | |
| പ്രവർത്തനം | ഡിസംബർ | ″ | |
| അവതരണം | ജനുവരി | ″ | |
| പ്രഖ്യാപനം | ജനുവരി | SRG, SMC | |

## 5. എൽ. എസ്. എസ്/ യു എസ് എസ് പരിശീലനം

ആമുഖം

പ്രൈമറി ക്ലാസിലെ കുട്ടികളുടെ പഠനനേട്ടങ്ങൾ കണ്ടെത്തുന്നതിനായി പൊതുവിദ്യാഭ്യാസവകുപ്പ് നടത്തുന്ന മത്സരവും വളരെ പ്രധാനവുമായ പരീക്ഷയാണ് എൽഎസ്എസ്/യുഎസ്എസ്. ഈ പരീക്ഷ നാലാം ക്ലാസിലെയും ഏഴാം ക്ലാസിലെയും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉദ്ദേശിച്ചാണ് നടത്തുന്നത്. ഈ സ്കോളർഷിപ്പുകൾ നേടിയ കുട്ടികളുടെ പഠനഭാവി മെച്ചമാകുമെന്നും അതുപോലെ പൊതുപരീക്ഷകളിൽ മത്സരബുദ്ധിയുണ്ടാകുമെന്നും കുട്ടികളെ ഈ പരീക്ഷകളിൽ കൃത്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിന് സഹായിക്കുന്നു. കൃത്യമായ പരിശീലനം നടത്തുന്നതിലൂടെ കുട്ടികളെ വിജയത്തിലെത്തിക്കാനാകുന്നതാണ്.

ഉദ്ദേശ്യം:

* കുട്ടികളിൽ മത്സരബുദ്ധിയോടെ പഠനം നടത്തുന്നതിന് സഹായകമാകുന്നു.
* കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിന് സഹായിക്കുന്നു.

| പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| LSS, USS മൊഡ്യൂൾ തയ്യാറാക്കൽ | മെയ് | SRG | |
| LSS, USS കുട്ടികളെ കണ്ടെത്തൽ (Pre test) | ജൂൺ | SRG | |
| പ്രത്യേക പരിശീലനം | ജൂലൈ | ചുമതലയുള്ള ടീച്ചർ | |
| പ്രവർത്തനങ്ങൾ | ആഗസ്റ്റ് | ,, | |
| പ്രവർത്തനങ്ങൾ | സെപ്തംബർ | ,, | |
| വിലയിരുത്തൽ, model exam | ഒക്ടോബർ | SRG, HM | |
| പ്രവർത്തനങ്ങൾ | നവംബർ | ചുമതലയുള്ള ടീച്ചർ | |
| വിലയിരുത്തൽ model exam | ഡിസംബർ | ,, | |
| [illegible] പരീക്ഷ | ജനുവരി | SRG. | |

# 6. ക്വിസ് ലോകം

ആമുഖം

ഉത്തമ പൗരന്മാരെ വാർത്തെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഇത്തരം മത്സര വിജയത്തിലൂടെ മാത്രമേ ജീവിത വിജയം സാധ്യമാകൂ. ഇതോടൊപ്പമുള്ള വിദ്യാഭ്യാസത്തോടൊപ്പം വിവിധ മത്സര പരീക്ഷകൾക്ക് കുട്ടികളെ സജ്ജരാക്കുക എന്നതാണ് ക്വിസ് ലോകത്തിലൂടെ ലക്ഷ്യമാക്കുന്നത്.

ഉദ്ദേശ്യം * വിവിധ മത്സര പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.
* എൽ.എസ്.എസ്/യു.എസ്.എസ് മറ്റു മത്സര പരീക്ഷകളിൽ ഉന്നതവിജയം ഉറപ്പുവരുത്തുക.

| പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം |
|---|---|---|---|
| ക്വിസ് കോർഡിനേറ്റർമാരെ തെരഞ്ഞെടുക്കൽ | മെയ് | SRG | |
| പ്രവർത്തന കലണ്ടർ തയ്യാറാക്കൽ | മെയ് | SRG | |
| പരിസ്ഥിതിദിനം | ജൂൺ 5 | കോ-ഓർഡിനേറ്റർ | |
| വായനാദിനം<br>ലോകലഹരിവിരുദ്ധദിനം<br>പ്രതിവാര ക്വിസ് | ജൂൺ 19<br>ജൂൺ 26<br>ആഴ്ചയിൽ | കോ-ഓർഡിനേറ്റർ | |
| ബഷീർദിനം<br>ജനസംഖ്യാദിനം<br>പ്രതിവാര ക്വിസ്<br>വിവിധ വിഷയങ്ങൾ | ജൂലൈ 5<br>ജൂലൈ 11 | " | |
| ഹിരോഷിമ നാഗസാക്കി ദിനം | ആഗസ്റ്റ് 9 | " | |
| സ്വാതന്ത്ര്യദിനം<br>പ്രതിവാര ക്വിസ് | ആഗസ്റ്റ് 15 | " | |
| ഓസോൺ ദിനം<br>പ്രതിവാര ക്വിസ് | സെപ്റ്റംബർ 16 | " | |
| ഗാന്ധിജയന്തി<br>പ്രതിവാര ക്വിസ്.<br>വിവിധ വിഷയങ്ങൾ | ഒക്ടോബർ 2 | " | |

| | | | |
|---|---|---|---|
| കേരളപ്പിറവിദിനം പ്രതിവാര ക്വിസ് | നവംബർ 1 | കോ-ഓർഡിനേറ്റർ | |
| ശിശുദിനം | നവംബർ 14 | " | |
| മനുഷ്യാവകാശദിനം പ്രതിവാര ക്വിസ് | ഡിസംബർ 10 | " | |
| മെഗാ ക്വിസ് | ജനുവരി 26 | " SRG | |
| മികച്ച 10 കുട്ടികളെ അനുമോദിക്കൽ | ഫെബ്രുവരി 5 | SRG. | |

## 7.8 കരാട്ടെ പഠനം, സൈക്കിൾ പരിശീലനം

ആമുഖം

നല്ല ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. ആരോഗ്യമുള്ള മനസ്സും ശരീരവും അതോടൊപ്പം നല്ല ശീലങ്ങളും വളർത്തിയെടുക്കാൻ ചിട്ടയായ കായികപരിശീലനം ഉറപ്പാക്കിയിരിക്കുന്നു. ചിട്ടയായ കായികപരിശീലനത്തിലൂടെ സ്വയംപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം സമൂഹത്തിന്റെ പരസ്പരസഹവർത്തിത്വത്തിന്റെയും പാഠങ്ങൾ പഠിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ സൈക്കിൾ പരിശീലനവും

ഉദ്ദേശ്യം

1. ആരോഗ്യസംരക്ഷണത്തിലൂടെ നല്ല ശീലങ്ങൾ ഉറപ്പുവരുത്തുക
2. ചിട്ടയായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരായി മാറുക.

| പ്രവർത്തനം | കാലയളവ് | ചുമതല | [illegible] |
|---|---|---|---|
| കുട്ടികൾക്ക് മാർഷ്യൽ ആർട്സ് പരിശീലനം (കരാട്ടെ) | ജൂലൈ<br>ജൂൺ വ്യായാമം എല്ലാ ആഴ്ചയിലും 2 മണിക്കൂർ | SRG<br>SRG, SMC | |

# 2025-26 അധ്യയന വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഭൗതികമേഖലയിലെ പ്രവർത്തനങ്ങൾ

പൂന്തോട്ട

* ഉദ്യാനനിർമ്മാണം * പച്ചക്കറിത്തോട്ടം
* വിദ്യാവാഹിനി ഗതാഗതസൗകര്യം.

## ഉദ്യാനനിർമ്മാണം, പച്ചക്കറിത്തോട്ടം, വിദ്യാവാഹിനി.

ആമുഖം: ഒരു വിദ്യാലയത്തെ പൂർണ്ണതയിലെത്തിക്കണമെങ്കിൽ ഭൗതിക സൗകര്യങ്ങൾ ധാരാളം ഉണ്ടായിരിക്കണം. അതിനാൽ ക്ലാസ് മുറികളും അന്തരീക്ഷവുമെല്ലാം ആകർഷകമായി ഇരിക്കേണ്ടതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി പഠനപ്രവർത്തനങ്ങൾ തുടങ്ങേണ്ടതുണ്ട് എന്ന് മനസ്സിലാക്കണം. അതിനായി പൂന്തോട്ടനിർമ്മാണം, പച്ചക്കറിത്തോട്ടനിർമ്മാണം എന്നിവയിലൂടെ സ്കൂൾ സൗന്ദര്യവത്കരിക്കുകയും കുട്ടികളെ പ്രകൃതിസ്നേഹികളും കർഷകരുമായി മാറ്റി പൂർണ്ണതയും ചെയ്യേണ്ടതാണ്. കൂടാതെ പട്ടികവർഗവിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുന്നതിനും തിരിച്ചു വീട്ടിലെത്തിക്കുന്നതിനും ഗതാഗത സൗകര്യപ്പെടുത്തേണ്ടതുണ്ട്. വിദ്യാവാഹിനി എന്ന പേരിൽ കുട്ടികൾക്ക് ഗതാഗതസൗകര്യം ഒരുക്കി സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

ഉദ്ദേശ്യം: * കൃഷിയോടും കാർഷിക മേഖലയോടും താല്പര്യം വളർത്തുക

* ഒഴിവുസമയം എങ്ങനെ ഫലപ്രദമാക്കാം എന്ന് തിരിച്ചറിയുക.

* കുട്ടികളുടെ യാത്രാസൗകര്യം സുഗമമാക്കുക.

| പ്രവർത്തനം | കാലയളവ് | ചുമതല | [illegible] |
|---|---|---|---|
| കാർഷിക ക്ലബ് രൂപീകരണത്തിനുള്ള ഒരുക്കങ്ങൾ | മെയ് | SRG | |
| വിദ്യാവാഹിനിയിൽ ഉൾപ്പെട്ട രക്ഷിതാക്കളുടെ മീറ്റിംഗ് | മെയ് | SRG | |
| കാർഷിക ക്ലബ് രൂപീകരണം | ജൂൺ | SRG | |
| വിദ്യാവാഹിനി ഗതാഗതം | ജൂൺ | വിദ്യാവാഹിനി കമ്മിറ്റി | |
| സ്കൂൾ സൗന്ദര്യവൽക്കരണം ഉദ്ഘാടനം | ജൂൺ | Ecoclub, SRG | |
| പൂന്തോട്ട നിർമ്മാണം | ജൂൺ | Ecoclub, MPTA | |
| പച്ചക്കറിത്തോട്ട നിർമ്മാണം ഉദ്ഘാടനം | ജൂൺ | " | |
| പൂന്തോട്ട നിർമ്മാണം | ജൂലൈ | " | |
| പച്ചക്കറിത്തോട്ടം " | ജൂലൈ | | |
| വിദ്യാവാഹിനി കമ്മിറ്റി മീറ്റിംഗ് | ജൂലൈ | വിദ്യാവാഹിനി കമ്മിറ്റി | |
| സംരക്ഷണം | ആഗസ്റ്റ് | Ecoclub+MPTA | |
| വിലയിരുത്തൽ വിദ്യാവാഹിനി കമ്മിറ്റി | ആഗസ്റ്റ് | വിദ്യാവാഹിനി കമ്മിറ്റി | |
| വിളവെടുപ്പ് | സെപ്റ്റംബർ | Ecoclub+MPTA | |
| പൂന്തോട്ട പരിപാലനം | സെപ്റ്റംബർ | വിദ്യാവാഹിനി കമ്മിറ്റി | |
| വിദ്യാവാഹിനി കമ്മിറ്റിയോഗം | ഒക്ടോബർ | Ecoclub+MPTA | |
| ശീതകാല കൃഷി ആരംഭം | ഒക്ടോബർ | | |
| സംരക്ഷണം | നവംബർ | വിദ്യാവാഹിനി കമ്മിറ്റി | |
| വിദ്യാവാഹിനി കമ്മിറ്റിയോഗം | നവംബർ | Ecoclub+MPTA | |
| സംരക്ഷണം | ഡിസംബർ | വിദ്യാവാഹിനി കമ്മിറ്റി | |
| വിദ്യാവാഹിനി കമ്മിറ്റിയോഗം | ഡിസംബർ | Ecoclub+MPTA | |
| വിളവെടുപ്പ് | ജനുവരി | വിദ്യാവാഹിനി കമ്മിറ്റി | |
| വിദ്യാവാഹിനി കമ്മിറ്റിയോഗം | ജനുവരി | Ecoclub+MPTA | |
| സംരക്ഷണം | ഫെബ്രുവരി | വിദ്യാവാഹിനി കമ്മിറ്റി | |
| വിദ്യാവാഹിനി കമ്മിറ്റിയോഗം | ഫെബ്രുവരി | Ecoclub+MPTA | |
| വിളവെടുപ്പ്, സംരക്ഷണം | മാർച്ച് | Ecoclub+MPTA | |
| വിദ്യാവാഹിനി കമ്മിറ്റിയോഗം | മാർച്ച് | വിദ്യാവാഹിനി കമ്മിറ്റി | |

# 2025-26 അധ്യയന വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സാമൂഹിക മേഖലയിലെ പ്രവർത്തനങ്ങൾ

* ഗൃഹസന്ദർശനം, * ദിനാചരണങ്ങൾ, * പൂർവ്വവിദ്യാർത്ഥി സംഗമം.

**ആമുഖം:**

വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ വൽക്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധമാണ്. വിദ്യാഭ്യാസ ഉന്നമനത്തിലൂടെ മാത്രമേ നാടിന് പുരോഗതി ഉണ്ടാവൂ എന്ന് മനസ്സിലാക്കിയതിന്റെ ഭാഗമായി ഒട്ടേറെ സാമൂഹ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. ഗൃഹസന്ദർശനം, പൂർവ്വ വിദ്യാർത്ഥി സംഘടന, ദിനാചരണങ്ങൾ എന്നിവ സാമൂഹിക പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടത്തുന്നു.

**ഉദ്ദേശ്യം:**

* പ്രദേശവാസികളുടെ സേവനം സ്കൂളിൽ ഉറപ്പുവരുത്തുക
* സ്കൂളിന്റെ ഭൗതിക, അക്കാദമിക നിലവാരം ഉയർത്താൻ സാമൂഹിക ബന്ധം പ്രയോജനപ്പെടുത്തുക.

| പ്രവർത്തനം | കാലയളവ് | ചുമതല | [illegible] |
|---|---|---|---|
| ഗൃഹസന്ദർശനം | മെയ് | SRG, SMC | |
| പൂർവ്വ വിദ്യാർത്ഥി സംഗമം ആലോചന യോഗം | മെയ് | SRG, SMC | |
| പൂർവ്വ വിദ്യാർത്ഥി സംഗമം സംഘടന രൂപീകരണം | ജൂൺ | SRG, SMC | |
| പരിസ്ഥിതി ദിനാഘോഷം | ജൂൺ | SRG, SSG | |
| വായനദിനാചരണം | ജൂൺ | SRG, SSG | |
| ലോക മയക്കുമരുന്ന് വിരുദ്ധ ദിനം | ജൂൺ | SRG, SSG | |
| ചാന്ദ്രദിനാചരണം | ജൂലൈ | SRG, SSG | |

| | | |
|---|---|---|
| ഹിരോഷിമ / നാഗസാക്കിദിനം സ്വാതന്ത്ര്യദിനാഘോഷം | ആഗസ്റ്റ് ആഗസ്റ്റ് | SRG, SSG |
| ഗൃഹസന്ദർശനം | ആഗസ്റ്റ് | SMC, SRG, SSG |
| പിടിഎ ബോധവൽക്കരണ ക്ലാസ് | സെപ്റ്റംബർ | പൂർവ്വവിദ്യാർത്ഥിസംഘടന SRG |
| ഓസോൺദിനാചരണം | സെപ്റ്റംബർ | SRG, SSG |
| ഗാന്ധിജയന്തിദിനാഘോഷം | ഒക്ടോബർ | SRG, SSG |
| ഗൃഹസന്ദർശനം | ഒക്ടോബർ | SRG SSG, SMC |
| പൂർവ്വവിദ്യാർത്ഥിസംഗമം | നവംബർ | SRG, പൂർവ്വവിദ്യാർത്ഥിസംഘടന |
| കേരളപ്പിറവിദിനം | നവംബർ | SRG, SSG |
| ശിശുദിനാചരണം | നവംബർ | SRG, SSG |
| മനുഷ്യാവകാശദിനാചരണം | ഡിസംബർ | SRG, SSG |
| ഗൃഹസന്ദർശനം | ഡിസംബർ | SRG, SSG, SMC |
| ആരോഗ്യ ക്ലാസ് | ജനുവരി | SRG, SSG പൂർവ്വവിദ്യാർത്ഥിസംഘടന |
| റിപ്പബ്ലിക്ദിനാഘോഷം | ജനുവരി | SRG, SSG |
| ഗൃഹസന്ദർശനം | ഫെബ്രുവരി | SRG, SSG, SMC |
| പൂർവ്വവിദ്യാർത്ഥിസംഗമം | ഫെബ്രുവരി | SRG, SSG |
| വാർഷികം | മാർച്ച് | SSG, SRG, SMC |
| പൂർവ്വവിദ്യാർത്ഥിസംഗമം | മാർച്ച് | SSG, SRG പൂർവ്വവിദ്യാർത്ഥിസംഘടന. |

# വാർഷിക കലണ്ടർ 2025-26

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| ഏപ്രിൽ | SRG മീറ്റിംഗ് | SRG |
| | SMC മീറ്റിംഗ് | HM |
| | ഗൃഹ സന്ദർശനം | |
| മെയ് | SMC യോഗം | SRG |
| | ശുചീകരണം | SMC, SRG |
| | ഉച്ചഭക്ഷണകമ്മറ്റി യോഗം | HM |
| | വിദ്യാവാഹിനി കമ്മറ്റി തെരഞ്ഞെടുപ്പ് | SMC, SRG |
| | ഇനി ഇംഗ്ലീഷ് - മൊഡ്യൂൾ തയ്യാറാക്കൽ | SRG |
| | ഗണിതം ലളിതം - മൊഡ്യൂൾ തയ്യാറാക്കൽ | SRG |
| | പ്രവേശനോത്സവം - ഒരുക്കങ്ങൾ | SMC, SRG |
| | കാർഷിക ക്ലബ്ബ്/ഇക്കോ ക്ലബ്ബ് രൂപീകരണം | SRG |
| | LSS/USS മൊഡ്യൂൾ തയ്യാറാക്കൽ | SRG |
| | LSS/USS Pretest തയ്യാറാക്കൽ | SRG |
| | ക്വിസ് കോർഡിനേറ്റർമാരെ തെരഞ്ഞെടുക്കൽ | SRG |
| | ക്വിസ് പ്രവർത്തന കാർഡ് തയ്യാറാക്കൽ | SRG |
| | സൈക്കിൾ പരിശീലനം ചാർജ്ജ് നൽകൽ | SRG |
| | SRG യോഗം | SRG Convenor |

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| ജൂൺ | പ്രവേശനോത്സവം | SMC, SRG |
| | വിദ്യാവാഹിനി - ഉദ്ഘാടനം | SSG SRG |
| | പ്രീ ടെസ്റ്റ് | SMC, SRG |
| | കാർഷിക ക്ലബ്ബ് മീറ്റിംഗ് | Cordinator |
| | ഇക്കോ ക്ലബ്ബ് മീറ്റിംഗ് | Eco Club |
| | ലോക പരിസ്ഥിതി ദിനം | SRG |
| | ഗണിതം - ലളിതം ഉദ്ഘാടനം | SRC |
| | ഈസി - ഇംഗ്ലീഷ് ഉദ്ഘാടനം | |
| | പച്ചക്കറിത്തോട്ടം - പ്രവൃത്തി ഉദ്ഘാടനം | Eco club |
| | LSS/USS പ്രീടെസ്റ്റ് | SRG |
| | പ്രതിവാര ക്വിസ് | ക്ലാസ് ടീച്ചർ |
| | ഹോം ലാബ് | SRG |
| | വിദ്യാരംഗം ഉദ്ഘാടനം | SRG |
| | വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം | SRG |
| | പച്ചക്കറിത്തോട്ടം - വിത്ത് നടൽ | SMC, MPTA |
| | കരാട്ടേ പഠനം, വായന കോർണർ ഒരുക്കൽ | പൂർവ്വ വിദ്യാർത്ഥി സംഘടന |
| | കഥാരചന - ഒരുക്കം. | |
| | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | Social club |
| | വായനാ മാസാചരണം - വിവിധ പരിപാടികൾ | SRG |
| | SRG യോഗങ്ങൾ, അമ്മ വായന | SRG Convener |
| | SMC ജനറൽ ബോഡി യോഗം - കമ്മറ്റി തെരഞ്ഞെടുപ്പ് | SRG, HM |
| | ലോക മയക്കുമരുന്ന് വിരുദ്ധ ദിനാചരണം | Social club |
| | ഉച്ചഭക്ഷണ കമ്മറ്റി യോഗം | SRG |
| | വിദ്യാവാഹിനി കമ്മറ്റി യോഗം | Cordinator |
| | യൂണിറ്റ് ടെസ്റ്റ് | ക്ലാസ് ടീച്ചർ |
| | ക്ലാസ് പി ടി എ. | ക്ലാസ് ടീച്ചർ |

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| ജൂലൈ | ഡോക്ടർ ദിനാചരണം | SRG |
| | ബഷീർ ചരമ ദിനാചരണം | SMC |
| | ആരോഗ്യ ബോധവൽക്കരണ ക്ലാസ് | SRG |
| | ഈസി ഇംഗ്ലീഷ് | SRG |
| | ഗണിതം ലളിതം | SRC |
| | പ്രതിവാര ക്വിസ് | ക്ലാസ് ടീച്ചർ |
| | പച്ചക്കറിത്തോട്ടം - പരിചരണം | SMC, Eco club |
| | SRG മീറ്റിംഗുകൾ | SRG Convenor |
| | ചാന്ദ്ര ദിനാചരണം | Social club |
| | പൂന്തോട്ട നിർമ്മാണം | SMC, Ecoclub |
| | LSS/USS പരിശീലനം | SRG |
| | SMC/MPTA യോഗം | SRG, HM |
| | കരാട്ടേ പഠനം | SSG, SRG |
| | വായനാ മാസാചരണം - വിവിധ പരിപാടികൾ | SRG |
| | കഥാരചന - മൊഴിക്കൂട്ടങ്ങളുണ്ടാക്കുന്നു | |
| | അമ്മ വായന | SRG |
| | വിവിധ ക്ലബ്ബുകളുടെ യോഗം | SRG |
| | ലോക പ്രകൃതി സംരക്ഷണ ദിനാചരണം | SRG, SMC |
| | വായന കോർണർ പ്രവർത്തനങ്ങൾ | SRG, SMC |
| | ഇംഗ്ലീഷ് അസംബ്ലി | SRG |
| | മാതൃ സമിതി വിവിധ പരിപാടികൾ | SRG, MPTA |
| | ഉച്ചഭക്ഷണ കമ്മറ്റി യോഗം | SRG |
| | വിദ്യാവാഹിനി കമ്മറ്റി യോഗം | SRG, HM |
| | യൂണിറ്റ് ടെസ്റ്റ് | ക്ലാസ് ടീച്ചർ |
| | ക്ലാസ് പി. ടി. എ | ക്ലാസ് ടീച്ചർ |

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| ആഗസ്റ്റ് | SRG യോഗങ്ങൾ | SRG |
| | ഹിരോഷിമ ദിനാചരണം - ക്വിസ് | SRG |
| | നാഗസാക്കി ദിനാചരണം, ക്വിറ്റിന്ത്യാ ദിനാചരണം | SRG |
| | പ്രതിവാര ക്വിസ് | ക്ലാസ് ടീച്ചർ |
| | SMC ജനറൽ ബോഡി യോഗം | SRG |
| | ഈസി ഇംഗ്ലീഷ് | SRG |
| | | SRG |
| | വിവിധ ക്ലബ്ബുകളുടെ യോഗം | SRG, SMC |
| | ഗണിതം ലളിതം | SRG |
| | LSS/USS പരിശീലനം | SRG |
| | പച്ചക്കറിത്തോട്ടം - പരിചരണം | SMC, Ecoclub |
| | പൂന്തോട്ടം - പരിചരണം. | SMC, ECO Club |
| | ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം - ക്ലാസ് | SRG |
| | മാതൃസമിതി യോഗം - മോട്ടിവേഷൻ ക്ലാസ് | SRG |
| | സ്വാതന്ത്ര്യ ദിനാഘോഷം | SMC, SRG |
| | SMC യോഗം, യൂണിറ്റ് ടെസ്റ്റ് | ക്ലാസ് ടീച്ചർ |
| | ഉച്ചഭക്ഷണ കമ്മറ്റി യോഗം | SRG |
| | വിദ്യാവാഹിനി കമ്മറ്റി യോഗം | SRG |
| | കരാട്ടേ പഠനം, ക്ലാസ് പി.ടി.എ | SMC |
| | അമ്മ വായന- പ്രവർത്തനങ്ങൾ | SRG |
| | ഇംഗ്ലീഷ് അസംബ്ലി, വായനക്കോർണർ | SRG, English Club |
| | സ്കൂൾ ശാസ്ത്ര, ഗണിതശാസ്ത്രമേള | SRG, SMC |
| | സ്കൂൾ പ്രവൃത്തി പരിചയമേള | വിവിധ ക്ലബ്ബുകൾ |
| | സ്കൂൾ സാമൂഹ്യ ശാസ്ത്ര, ഐടിമേള | വിവിധ ക്ലബ്ബുകൾ |
| | ഓണാഘോഷ പ്രവർത്തനങ്ങൾ | |

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| സെപ്തംബർ | അധ്യാപക ദിനാചരണം | SRG SRG |
| | SRG യോഗങ്ങൾ | SRG |
| | ഈസി ഇംഗ്ലീഷ് | SRG |
| | ഗണിതം ലളിതം | SRG |
| | വിവിധ ക്ലബ്ബുകളുടെ യോഗം | SRG |
| | LSS/USS പരിശീലനം | SRG |
| | പച്ചക്കറിത്തോട്ടം | SMC/Ecoclub |
| | അമ്മ വായന - വിലയിരുത്തൽ | SRG/MPTA |
| | വായനാ കോർണർ - പ്രവർത്തനങ്ങൾ | SRG |
| | സൈക്കിൾ പരിശീലനം - ഉദ്ഘാടനം | SMC/SRG |
| | ഓസോൺ ദിനാചരണം - ക്വിസ് | SRG |
| | ഇംഗ്ലീഷ് അസംബ്ലി | English club |
| | സൈക്കിൾ പരിശീലനം | SMC/SRG |
| | SMC കമ്മറ്റി യോഗം | SRG, HM |
| | ഒന്നാം പാദവാർഷിക പരീക്ഷ | SRG |
| | ഓണാഘോഷം | SMC/SRG |
| | ഉച്ചഭക്ഷണ കമ്മറ്റി യോഗം | SRG |
| | വിദ്യാവാഹിനി കമ്മറ്റി യോഗം | SRG |
| | കരാട്ടേ പഠനം | SMC/പൂർവ്വ വിദ്യാർത്ഥി സംഘടന |
| | മാതൃസമിതി ഓണാഘോഷ പരിപാടികൾ | SMC/SRG |
| | പച്ചക്കറിത്തോട്ടം - വിളവെടുപ്പ് ഉദ്ഘാടനം | SMC/MPTA |
| | ഗൃഹസന്ദർശനം | SRG/SMC |
| | സ്കൂൾ കലോത്സവം | SRC/SMC |
| | ദിനാചരണ പ്രവർത്തനങ്ങൾ | |

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| ഒക്ടോബർ | ഗാന്ധിജയന്തി ആഘോഷം | SRG/SMC |
| | SRG യോഗങ്ങൾ | SRG |
| | ക്വിസ് | SRG |
| | ഈസി ഇംഗ്ലീഷ് | SRG |
| | ഗണിതം ലളിതം | SRG |
| | വിവിധ ക്ലബ്ബുകളുടെ മീറ്റിംഗ് | വിവിധ ക്ലബ്ബുകൾ |
| | LSS/USS പരിശീലനം - മോഡൽ പരീക്ഷ | SRG |
| | പൂന്തോട്ട പരിചരണം | SMC/ECO club |
| | പ്രതിവാര ക്വിസ് | SRG |
| | പച്ചക്കറിത്തോട്ടം - പരിചരണം - വിളവെടുപ്പ് | SMC, Ecoclub |
| | സൈക്കിൾ പരിശീലനം | SMC/SRG |
| | കരാട്ടേ പഠനം | പൂർവ്വ വിദ്യാർത്ഥി സംഘടന |
| | ഗൃഹ സന്ദർശനം | |
| | SMC കമ്മറ്റി യോഗം | SRG/HM |
| | പാദ വാർഷിക പരീക്ഷ - വിലയിരുത്തൽ | SRG |
| | ഉച്ചഭക്ഷണ കമ്മറ്റി യോഗം | SRG |
| | വിദ്യാവാഹിനി കമ്മറ്റി യോഗം | SRG |
| | യൂണിറ്റ് ടെസ്റ്റ് | ക്ലാസ് ടീച്ചർ |
| | ക്ലാസ് പി. ടി. എ | ക്ലാസ് ടീച്ചർ |
| | മാതൃസമിതി യോഗം - വേറിട്ട പ്രവർത്തനങ്ങൾ | SRG/MPTA |
| | അമ്മ വായന - പ്രവർത്തനങ്ങൾ | SRG |
| | വായന കോർണർ - പ്രവർത്തനങ്ങൾ | SRG/ വിദ്യാരംഗം |
| | ഭാഷോത്സവം പ്രവർത്തനങ്ങൾ | |

| മാസം | പ്രവർത്തനം | ചുമതല |
| --- | --- | --- |
| നവംബർ | കേരളപ്പിറവി ദിനം - ആഘോഷം | SRG, SMC |
| | SRG യോഗങ്ങൾ | SRG |
| | ഈസി ഇംഗ്ലീഷ് | SRG |
| | ഇംഗ്ലീഷ് അസംബ്ലി | SRG |
| | ഗണിതം ലളിതം - വിലയിരുത്തൽ | SRG |
| | LSS / USS പരിശീലനം | SRG |
| | അമ്മ വായന പ്രവർത്തനങ്ങൾ - വിലയിരുത്തൽ | SRG, MPTA |
| | വായന കോർണർ - പ്രവർത്തനങ്ങൾ | SRG |
| | ശിശുദിനം - ആഘോഷം | SMC, SRG |
| | ഗൃഹസന്ദർശനം | SMC, SRG |
| | പൂന്തോട്ട പരിചരണം | SMC, Eco club |
| | പച്ചക്കറിത്തോട്ടം - വിളവെടുപ്പ് - പരിചരണം | SMC, Eco club |
| | പ്രതിവാര ക്വിസ് | ക്ലാസ് ടീച്ചർ |
| | ക്വിസ് | SRG |
| | വിവിധ ക്ലബ്ബുകളുടെ മീറ്റിംഗ് | SRG |
| | സൈക്കിൾ പരിശീലനം | SRG, SSG |
| | SMC MPTA കമ്മറ്റി മീറ്റിംഗ് | SMC, SRG |
| | ഉച്ചഭക്ഷണ കമ്മറ്റി മീറ്റിംഗ് | SRG |
| | വിദ്യാവാഹിനി കമ്മറ്റി മീറ്റിംഗ് | SRG |
| | മാതൃസമിതി - വിദഗ്ധരുടെ ക്ലാസ് | SRG, MPTA |
| | കരാട്ടേ പഠനം | പൂർവ്വ വിദ്യാർത്ഥി സംഘടന |
| | വിദ്യാവാഹിനി കമ്മറ്റി യോഗം | SRG |
| | ഉച്ചഭക്ഷണ കമ്മറ്റി യോഗം | SRG |
| | യൂണിറ്റ് ടെസ്റ്റ് | ക്ലാസ് ടീച്ചർ |
| | ക്ലാസ് പി.ടി.എ | ക്ലാസ് ടീച്ചർ |
| | കഥാരചന - വിദഗ്ധരുടെ ക്ലാസ് | |

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| ഡിസംബർ | SRG യോഗങ്ങൾ | SRG |
| | പ്രതിവാര ക്വിസ് | ക്ലാസ് ടീച്ചർ |
| | ഈസി ഇംഗ്ലീഷ് | SRG |
| | ഇംഗ്ലീഷ് അസംബ്ലി-വിവിധ പരിപാടികൾ | SRG |
| | SMC/MPTA ജനറൽ ബോഡി യോഗം | SRG, HM |
| | വിവിധ ക്ലബ്ബുകളുടെ മീറ്റിംഗ് | Club Convene |
| | ഗണിതം ലളിതം | SRG |
| | ലോകമനുഷ്യാവകാശ ദിനാചരണം | SRG |
| | പൂന്തോട്ട നിർമ്മാണം - പരിചരണം | SMC/Eco club |
| | പച്ചക്കറിത്തോട്ടം - വിളവെടുപ്പ് - പരിചരണം | SMC/ Eco club |
| | അർദ്ധവാർഷിക പരീക്ഷ | SRG |
| | ക്രിസ്മസ് ആഘോഷം | SMC, SRG |
| | മാതൃസമിതി- വിവിധ പരിപാടികൾ | SRG |
| | ഉച്ചഭക്ഷണ കമ്മറ്റി - മീറ്റിംഗ് | SRG |
| | വിദ്യാവാഹിനി കമ്മറ്റി- മീറ്റിംഗ് | SRG |
| | കരാട്ടേ പഠനം | പൂർവ്വ വിദ്യാർത്ഥി സംഘടന |
| | സൈക്കിൾ ഓട്ടം - പ്രദർശനം | SSG, SRG |
| | ക്വിസ് - വിലയിരുത്തൽ | SRG |
| | ക്ലാസ് പി.ടി.എ | ക്ലാസ് ടീച്ചർ |
| | LSS /USS പരിശീലനം | SRG |
| | ഗൃഹസന്ദർശനം. | SRG, HM |
| | ദിനാചരണ പ്രവർത്തനങ്ങൾ | |

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| ജനുവരി | ന്യൂ ഇയർ ആഘോഷം | SSG, SMC |
| | SRG യോഗങ്ങൾ | SRG |
| | ക്ലാസ് പിടിഎ-പരീക്ഷ വിലയിരുത്തൽ | SRG, ക്ലാസ് ടീച്ചർ |
| | ഈസി ഇംഗ്ലീഷ് | SRG |
| | LSS/USS പരിശീലനം - മോഡൽ പരീക്ഷ | SRG |
| | പൂന്തോട്ടം - പരിചരണം | SMC, Ecoclub |
| | റിപ്പബ്ലിക് ദിനാചരണം | SRG |
| | പ്രതിവാര ക്വിസ് | ക്ലാസ് ടീച്ചർ |
| | ക്വിസ് മത്സരം | SRG |
| | ഗണിതം ലളിതം - Post test വിലയിരുത്തൽ | SRG |
| | കൈയെഴുത്ത് മത്സരം | |
| | പച്ചക്കറിത്തോട്ടം - ശീതകാല വിളവെടുപ്പ് | SMC, Eco club |
| | മാതൃസമിതി - ബോധവൽക്കരണ ക്ലാസ് | SRG |
| | വിദ്യാവാഹിനി മീറ്റിംഗ് | SRG |
| | ഗൃഹസന്ദർശനം | SRG, HM |
| | ഉച്ചഭക്ഷണ കമ്മറ്റി മീറ്റിംഗ് | SRG |
| | SMC, MPTA കമ്മറ്റി മീറ്റിംഗ് | SRG |
| | സൈക്കിൾ പരിശീലനം | SSG, SRG |
| | ഇംഗ്ലീഷ് അസംബ്ലി വിലയിരുത്തൽ | SRG |
| | കരാട്ടേ പഠനം | പൂർവ്വവിദ്യാർത്ഥി സംഘടന |
| | അമ്മ വായന - പ്രവർത്തനങ്ങൾ | SRG |
| | വായനാ കോർണർ - പ്രവർത്തനങ്ങൾ | SRG |
| | യൂണിറ്റ് ടെസ്റ്റ് | ക്ലാസ് ടീച്ചർ |
| | ക്ലാസ് പി. ടി. എ | ക്ലാസ് ടീച്ചർ |

| മാസം | പ്രവർത്തനം | ചുമതല |
| --- | --- | --- |
| ഫെബ്രുവരി | SRG യോഗം | SRG |
| | ഈസി ഇംഗ്ലീഷ് - അവതരണം - വിലയിരുത്തൽ | SRG |
| | പൂന്തോട്ട പരിചരണം | SMC, Ecoclu |
| | പച്ചക്കറിത്തോട്ടം - പരിചരണം - വിളവെടുപ്പ് | SMC, Ecoclu |
| | പ്രതിവാര ക്വിസ്, മെഗാക്വിസ് | ക്ലാസ് ടീച്ചർ |
| | ക്വിസ് - മികച്ച 10 കുട്ടികളെ തെരഞ്ഞെടുക്കൽ | SRG |
| | LSS/USS മോഡൽ പരീക്ഷ | SRG |
| | ഉച്ചഭക്ഷണ കമ്മറ്റി യോഗം | SRG |
| | വിദ്യാവാഹിനി കമ്മറ്റി യോഗം | SRG |
| | SMC/MPTA ജനറൽ ബോഡി യോഗം | SRG |
| | വാർഷികം തയ്യാറെടുപ്പ് | SRG |
| | കരാട്ടേ പഠനം | പൂർവ്വ വിദ്യാർത്ഥി സംഘടന |
| | പഠനയാത്ര | SRG |
| | വായനാ കോർണർ - വിലയിരുത്തൽ | SMC, SRG |
| | MPTA - യുടെ വിലയിരുത്തൽ | MPTA |
| | ആരോഗ്യ ക്ലാസ് | MPTA |
| | അമ്മ വായന - അവതരണം | MPTA |
| | ഗൃഹസന്ദർശനം | SMC/SRG |
| | സൈക്കിൾ സവാരി | SMC/SRG |
| | യൂണിറ്റ് ടെസ്റ്റ് | ക്ലാസ് ടീച്ചർ |
| | ക്ലാസ് പി. ടി. എ | ക്ലാസ് ടീച്ചർ |
| | ഇംഗ്ലീഷ് അസംബ്ലി - വിലയിരുത്തൽ | SMC |

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| | SRG യോഗങ്ങൾ | SRG |
| | പൂന്തോട്ട പരിചരണം | SMC/EcoClub |
| | പച്ചക്കറിത്തോട്ട പരിചരണം | SMC/EcoClub |
| | ക്ലാസ് പഠനം - അവതരണം | SMC/SRG |
| | അമ്മവായന - വിലയിരുത്തൽ | SRG/MPTA |
| | SMC/MPTA കമ്മിറ്റിയോഗം | SRG |
| | മാതൃസമിതിയുടെ വിവിധപരിപാടികൾ | MPTA/SRG |
| | വിദ്യാവാഹിനി യോഗം - വിലയിരുത്തൽ | SMC/SRG |
| | ഉച്ചഭക്ഷണ കമ്മിറ്റി യോഗം - വിലയിരുത്തൽ | വിദ്യാവാഹിനി കമ്മിറ്റി |
| | വാർഷികാഘോഷം | SMC/SRG |
| മാർച്ച് | വാർഷിക മൂല്യനിർണയം | SMC/SRG<br>SRG |